# സർവ്വ മദ്ഹബ് സത്യവാദം അടിസ്ഥാനരഹിതം

ഇസ്ലാം നിശ്ചിതമായ ചില വിശ്വാസങ്ങളും അതിനനുസാരമായ അനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്ന ദൈവിക സന്ദേശമാണ്. വിശ്വാസപരവും അനുഷ്ഠാന സംബന്ധവുമായ ഏകതയാണ് മുസ്ലിം ഉമ്മത്തിൽ യഥാർത്ഥത്തിൽ സംഭവിക്കേണ്ടതെങ്കിലും പ്രമാണങ്ങളിൽ നിന്നും സച്ചരിതരായ സലഫിന്റെ പാതയിൽ നിന്നും വ്യതിചലിച്ച കക്ഷികളുടെ രംഗപ്രവേശത്തിലൂടെ വിശ്വാസ കാര്യങ്ങളിലും, മദ്ഹബ് പക്ഷപാത ചിന്ത വേരൂന്നിയതിനാൽ അനുഷ്ഠാനരംഗത്തും ഒട്ടേറെ വൈരുദ്ധ്യങ്ങൾ പുലർത്തുന്ന സാഹചര്യം മുസ്ലിം ഉമ്മത്തിന്റെ മുഖമുദ്രയായിത്തീരുകയാണുണ്ടായത്. അത്തരം വൈരുദ്ധ്യങ്ങൾ നിറഞ്ഞ അനുഷ്ഠാനങ്ങളെല്ലാം ശരിയായ ദിശയിലുള്ളതാണെന്ന് ആദർശവൽക്കരിക്കപ്പെടുമ്പോൾ അനുഷ്ഠാനങ്ങളിലെ ഏകീഭാവമെന്ന ദൈവിക ദർശനത്തിന്റെ സാർത്ഥമാകേണ്ട ശുഭപരിണതി ഫലത്തിൽ മരീചികയാവുകയാണ് ചെയ്യുന്നത്.

*ശാഫിഈ മദ്ഹബിന് വിധേയമായി ഒരു മുസ്ലിം നിർവഹിക്കുന്ന അനുഷ്ഠാനങ്ങളെല്ലാം ശരി. അതിന് കടകവിരുദ്ധമായ നിലയിൽ ഹനഫീ മദ്ഹബ്കാരൻ നിർവഹിക്കുന്ന അനുഷ്ഠാനങ്ങളും ശരിതന്നെ. എന്നാൽ ഒരു മദ്ഹബിനേയും അന്ധമായി പിന്തുടരാതെ തക്വ്ലീദ്വിരുദ്ധ നിലപാടുള്ള ഒരു മുസ്ലിം ര□് വിധത്തിൽ ചെയ്താലും പിഴവ്?!! ഒരു കാര്യം ഏതെങ്കിലും ഒരു മദ്ഹബിന് വിധേയമായി അനുഷ്ഠിക്കുമ്പോൾ ശരിയും അതേകാര്യം നബി(സ്വ) യുടെ ഹദീഥിന് വിധേയമായി അനുഷ്ഠിക്കുമ്പോൾ പിഴവുമെന്ന് പറയുന്നതിന്റെ യുക്തി എന്താണ്?*

നമസ്കാരമെന്ന ഏറ്റവും പ്രധാനപ്പെട്ട ആരാധന സാധുവാകുന്നതിന്റെ നിബന്ധനയാണ് (ശർത്വ്) അംഗശുദ്ധി (വുളു) ഒരു മുസ്ലിം തന്റെ ഭാര്യയെ സ്പർശിക്കുന്നതിലൂടെ വുളുവിന്റെ പ്രാബല്യം നഷ്ടപ്പെടുമെന്ന് അംഗീകരിക്കുന്ന ഒരു ശാഫിഈ മദ്ഹബ്കാരന്റെ നടപടി മദ്ഹബ് പക്ഷപാതികളുടെ ദൃഷ്ടിയിൽ ശരിയായ നടപടിയാണ്. ഹനഫീ മദ്ഹബനുസരിക്കുന്ന ഒരാൾ സ്ത്രീ സ്പർശം വഴി വുളുവിന്റെ പ്രാബല്യം നഷ്ടപ്പെടില്ലെന്ന് മനസ്സിലാക്കി അനുഷ്ഠാനം നിർവഹിക്കുന്നതും ശരിതന്നെ. എന്നാൽ ക്വുർആനിന്റെ പ്രത്യക്ഷമായ ആശയത്തിന്റെ അടിസ്ഥാനത്തിൽ ഹനഫികൾ എത്തിച്ചേർന്ന ഇതേ സംഗതി സ്പഷ്ടമായ പ്രവാചക വചനങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കി പ്രാവർത്തികമാക്കുന്ന മറ്റൊരു മുസ്ലിമിന്റെ നിലപാട് മദ്ഹബ് പക്ഷപാതികളുടെ കണക്കിൽ പിഴച്ചത്! അയാൾ പിഴച്ചവൻ!! പ്രവൃത്തി ഒന്ന് വിധി രണ്ട്!! ഇസ്ലാമികമായൊരനുഷ്ഠാനം ഒരേപോലെ നിർവഹിക്കുന്ന രണ്ടുപേരിൽ ഒരാളുടേത് ശരിയായ നടപടിയെന്നും മറ്റേ ആളുടേത് പിഴച്ചതെന്നും വിധി പറയുന്നതിന് തക്വ്ലീദ്കാർക്ക് എന്ത് ന്യായമാണ് പറയാനുള്ളത്?

ശാഫിയാക്കളുടെ വിധിയനുസരിച്ച് പ്രാബല്യം നഷ്ടപ്പെട്ടുപോയ അംഗശുദ്ധി ഉപയോഗിച്ച് നമസ്കരിക്കുന്ന ഒരു ഹനഫീ മദ്ഹബ്കാരന്റെ നമസ്കാരം നിബന്ധന പാലിക്കപ്പെടാത്തതിനാൽ നിഷ്ഫലമായി പോകേണ്ടതല്ലേ? ശാഫിഈ മദ്ഹബ്കാരനാണ് അപ്രകാരം ചെയ്യുന്നതെങ്കിൽ നമസ്കാരം സാധുവാകില്ലെന്നല്ലേ അവർ വിധി പറയുക. അതിനാൽ തന്നെ സ്ത്രീയെ സ്പരിശിക്കുന്നത് കൊണ്ട് വുളുവിന്റെ പ്രാബല്യം നഷ്ടപ്പെടുമെന്നും ഇല്ലെന്നുമുള്ള രണ്ട് വിരുദ്ധ കാഴ്ചപ്പാട് ഒരേപോലെ ശരിയാണെന്ന് പറയുന്ന തക്വ്ലീദ് വാദികളുടെ സമീപനം യുക്തിശൂന്യം തന്നെ. അന്തിമ തീർപ്പ് സാധിക്കാതെ വരുമ്പോൾ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി രണ്ടും ശരിയാണെന്ന് വെറുതെ പറയുകയാണോ?

അനുഷ്ഠാനങ്ങളിലെ ഈ വൈരുദ്ധ്യങ്ങൾ തന്നെയാണ് മദ്ഹബ് പക്ഷപാതികൾ തമ്മിൽ പ്രശ്നങ്ങൾക്കും സംഘർഷങ്ങൾക്കും ഇടവരുത്തിയത്. എന്നാൽ പണ്ഡിതന്മാരുടെ കേവലാഭിപ്രായങ്ങളേക്കാൾ പ്രവാചകമൊഴികൾക്കാണ് പ്രാമാണികത കൽപിക്കേണ്ടതെന്ന് ക്വുർആനിന്റെയും ഹദീഥിന്റെയും ആഹ്വാനം ചെവികൊണ്ട് ആ സമീപനം പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നവരെ നിഷ്പ്രഭമാക്കാമെന്ന ഉദ്ദേശത്തോടെ മദ്ഹബ് വാദികളെല്ലാം കൂടി കണ്ടുപിടിച്ച ഒരു പോവഴിയായിരിക്കണം 'സർവ്വമദ്ഹബ് സത്യവാദ' മെന്ന നവീന ആശയം. ഇസ്‌ലാമിക അനുഷ്ഠാന കാര്യങ്ങളിലും അതിന്റെ വിശദീകരണങ്ങൾ സംബന്ധിച്ചും നാല് മദ്ഹബുകാർക്കിടയിലും ഏകീകൃത അഭിപ്രായമുള്ള വിഷയങ്ങൾ അപൂർവം മാത്രമാണ്. നേരത്തെ പരാമർശവിധേയമായതുപോലെയുള്ള കടുത്ത വൈരുദ്ധ്യങ്ങളും അവയിൽ ധാരാളമുണ്ട്. അവയെല്ലാം ഒരേപോലെ ശരിയാണെന്ന തത്വം അഹ്‌ലുൽ ഹദീഥിന്റെ തത്വാധിഷ്ഠിത നിലപാട് സൃഷ്ടിക്കുന്ന ആഘാതങ്ങളിൽ നിന്ന് രക്ഷനേടാനുള്ള ഒരുതരം പ്രതിരോധ തന്ത്രമായേ വിലയിരുത്താനാകൂ.

മുജ്തഹിദുകളുടെ വഴിയെല്ലാം ശരിയാണെന്നും അതിനാൽ അവരെത്തിച്ചേർന്ന വീക്ഷണങ്ങളെല്ലാം ഒരേപോലെ ശരിയാണെന്ന് അംഗീകരിക്കണമെന്നുമുള്ള ന്യായമാണ് മദ്ഹബ് അനുകരണക്കാർക്ക് നിരത്താനുള്ളതെങ്കിൽ അപ്രകാരം ചെയ്യാനുള്ള തെളിവെന്താണെന്ന് പറയാൻ അവർക്ക് ബാധ്യതയുണ്ട്. ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ജന്മംകൊള്ളുകയും മൂന്നാം നൂറ്റാണ്ടിന്റെ ഏഴാം ശതകത്തിൽ അവസാനിക്കുകയും ചെയ്യുന്ന നാല് മദ്ഹബ് ധാരകൾക്കനുസരിച്ചാണ് ഇസ്‌ലാമികമായ അനുഷ്ഠാനങ്ങൾ നിർവഹിക്കേണ്ടതെന്നോ മറ്റോ പ്രവാചക തിരുമേനി(സ്വ) കൽപിക്കുക യുണ്ടായോ? അങ്ങനെ വല്ലതുമുണ്ടെന്നാണ് മറുപടിയെങ്കിൽ ഹിജ്റ ഒരു നൂറ്റാണ്ട് പൂർത്തിയാകുന്നത് വരെയുള്ള മുസ്‌ലിംകൾക്ക് അത് ബാധകമല്ലെന്ന് വരികയില്ലേ? അങ്ങനെ വരുമ്പോൾ മദ്ഹബിന് വിധേയമല്ലാതെ ജീവിച്ചവരുടെ അനുഷ്ഠാനങ്ങളിൽ പിഴവ് സംഭവിച്ചുവെന്ന് പറയേണ്ടി വരികയില്ലേ? പ്രമാണങ്ങൾക്ക് വിധേയമല്ലാത്ത ന്യായങ്ങൾ നിരത്തുമ്പോഴുണ്ടാകുന്ന സങ്കീർണതകളാണിവയെല്ലാം.

അല്ലാഹു വിശ്വാസികളോടാഹ്വാനം ചെയ്യുന്നതാകട്ടെ ഇപ്രകാരമാണ്. 'സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക' (നിസാഅ്:59)

ഈ ആയത്തിലടങ്ങിയ ദൈവിക ആഹ്വാനം ലോകാവസാനം വരെയുള്ള സത്യവിശ്വാസികൾക്ക് ബാധകമായത് തന്നെയല്ലേ? മദ്ഹബ്കൾക്കിടയിൽ നിലനിന്ന് വരുന്ന ഭിന്നതകൾ 'നിങ്ങൾക്കിടയിൽ വല്ല കാര്യത്തിലും ഭിന്നതയുണ്ടായാൽ' എന്ന പ്രയോഗത്തിന്റെ പരിധിയിൽപെടുന്നതാണോ അതോ അല്ലേ? മദ്ഹബിയായ അഭിപ്രായ ഭിന്നതകൾ ക്വുർആനിലേക്കും സുന്നത്തിലേക്കും മടക്കിയാൽ പരിഹാരം കാണാൻ പറ്റാത്തവയാണോ? അതല്ല അവ അപ്രകാരം നിലനിർത്തി ഇഷ്ടമുള്ളതിനെ തക്‌ലീദ് ചെയ്തുകൊണ്ട് ജീവിച്ചാൽ മതിയെന്നാണെങ്കിൽ അങ്ങിനെ ചെയ്യുന്നതിന്റെ ഇസ്‌ലാമിക ന്യായമെന്താണ്? 'വല്ല കാര്യത്തിലും' എന്ന പ്രയോഗം കൊണ്ട് മതകാര്യങ്ങൾ തന്നെയല്ലേ ഉദ്ദേശിക്കുന്നത്. ആണെങ്കിൽ മദ്ഹബിയായ ഭിന്നതകളും മതപരം തന്നെയല്ലേ? എങ്കിൽ അത്തരം കാര്യങ്ങളും ക്വുർആനിലേക്കും സുന്നത്തിലേക്കും മടക്കി അതിനനുസൃതമായ പരിഹാരം കണ്ടാൽ എന്താണ് കുഴപ്പം? അപ്രകാരം ചെയ്ത് ഇസ്‌ലാമിക അനുഷ്ഠാനരീതികളിലെ വൈരുദ്ധ്യങ്ങളെങ്കിലും ഒഴിവാക്കി ഏകീഭാവം വരുത്താൻ മുകളിൽ പറഞ്ഞ ക്വുർആനിന്റെ ആഹ്വാനം കൊണ്ട് മാത്രമല്ലേ സാധ്യമാകൂ. അത്തരമൊരു ശ്രമം ആ കൽപനയുടെ ഭാഗമായി വന്നുചേരുന്നില്ലേ?

ഹജ്ജത്തുൽ വിദാഇലെ ചരിത്രപ്രസിദ്ധമായ ഉദ്ബോധനത്തിൽ പ്രവാചക തിരുമേനി(സ്വ) സ്വഹാബത്തിനെ ഉണർത്തിച്ചത് 'ഞാനിതാ രണ്ട് കാര്യങ്ങൾ നിങ്ങൾക്ക് വിട്ടേച്ചു പോവുകയാണ്. അത് രണ്ടും നിങ്ങൾ മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾക്ക് വഴികേട് സംഭവിക്കില്ലെ'ന്നാണ്. അതിനാൽ ക്വുർആനോടും സുന്നത്തിനോടും പ്രതിബദ്ധത പുലർത്തിക്കൊണ്ട് ഭിന്ന വിഷയങ്ങളിലെല്ലാം പ്രമാണങ്ങൾകൊണ്ട് തീർപ്പ് കൽപിക്കുകയെന്ന ആദ്യ മൂന്ന് തലമുറകൾ പിന്തുടർന്നുവന്ന ഉദാത്ത നിലപാട് അംഗീകരിക്കുകയും മദ്ഹബുകൾക്കിടയിലെ ഭിന്ന വീക്ഷണങ്ങളോടും മുസ്‌ലിം സമൂഹം അതേ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നപക്ഷം പിന്നെ ഏകീകൃത നിലപാടിലെത്താൻ കഴിയാത്ത പ്രശ്നങ്ങൾ അധികമുണ്ടാകയില്ലെന്നതാണ് വസ്തുത.

മദ്ഹബിന്റെ വീക്ഷണങ്ങളെല്ലാം ശരിയാണെന്ന് വിധി പറയുന്നതിനേക്കാൾ ഓരോ സമീപനത്തിനും ഉപോൽബലകമായി ഓരോരുത്തരും ഉന്നയിക്കുന്ന തെളിവുകൾ എന്തെന്ന് വിലയിരുത്തുകയും എതിൽ ഏറ്റവും ശരിയായ വീക്ഷണത്തെ അംഗീകരിക്കുകയോ അവരുടെ വീക്ഷണങ്ങൾക്കെല്ലാം വിരുദ്ധമായ നിലയിൽ സ്വഹീഹായ ഹദീഥുകൾ ലഭ്യമാകുമ്പോൾ അതിന് വിധേയമായും പ്രവർത്തിക്കുകയെന്ന അടിസ്ഥാനതത്വം അംഗീകരിക്കുകയാണ് സത്യവിശ്വാസികൾക്ക് കരണീയമായ മാർഗം. മദ്ഹബിന്റെ ഇമാമീങ്ങൾ പോലും അംഗീകരിച്ച് നടപ്പാക്കിയതും ആഹ്വാനം ചെയ്തതും ആ ഒരു നിലപാട് തന്നെ.

**ബശീർ എസ്. പൂളപ്പൊയിൽ**